**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 446** **23-02-2022 - ൽ മറുപടിയ്ക്ക്**

**കെ.എ.എസ്. ഉദ്യോഗസ്ഥരുടെ ശമ്പളം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കെ.എ.എസ്. ഉദ്യോഗസ്ഥർക്ക് പതിനൊന്നാം ശമ്പള കമ്മീഷനും ധനകാര്യ വകുപ്പും ശിപാർശ ചെയ്ത ശമ്പളസ്കെയിൽ എത്രയാണെന്ന് വ്യക്തമാക്കാമോ; | (എ) | കെ.എ.എസ് ഉദ്യോഗസ്ഥർക്ക് പതിനൊന്നാം ശമ്പള കമ്മീഷൻ ശിപാർശ ചെയ്ത ശമ്പള സ്കെയിൽ 63700-123700 ആയിരുന്നു. ഇതേ ശമ്പള സ്കെയിൽ തന്നെയാണ് ധനകാര്യ വകുപ്പും ശിപാർശ ചെയ്തിരുന്നത്. |
| (ബി) | നിലവിൽ കെ.എ.എസ്. ഉദ്യോഗസ്ഥർക്ക് സർക്കാർ നിശ്ചയിച്ച ശമ്പളം, ശമ്പളകമ്മീഷൻ ഉത്തരവിലെ ഏത് സ്കെയിൽ ആണെന്ന് വ്യക്തമാക്കാമോ; | (ബി) | നിലവിൽ കെ.എ.എസ് ഉദ്യോഗസ്ഥർക്ക് ശമ്പള സ്കെയിൽ നിശ്ചയിച്ചിട്ടില്ല. 81,800/- രൂപയാണ് (fixed) അടിസ്ഥാന ശമ്പളമായി അനുവദിച്ചിട്ടുള്ളത്. കെ.എ.എസ് തസ്തികകൾക്ക് ഉചിതമായ ശമ്പള സ്കെയിൽ നിശ്ചയിക്കുന്നതിന് പന്ത്രണ്ടാം ശമ്പള പരിഷ്കരണ കമ്മീഷനോട് നിർദ്ദേശിക്കുവാനാണ് നിലവിൽ ഉത്തരവായിരിക്കുന്നത്. |
| (സി) | കെ.എ.എസ്. ഉദ്യോഗസ്ഥർക്ക് ജൂനിയർ ഐ.എ.എസ്. ഉദ്യോഗസ്ഥരേക്കാൾ ഉയർന്ന ശമ്പളം അനുവദിച്ച അനോമലി പരിഹരിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് ഐ.എ.എസ്., ഐ.പി.എസ്. അസോസിയേഷനുകൾ സർക്കാരിന് നിവേദനം നൽകിയിട്ടുണ്ടോയെന്നും അതിന്മേൽ സ്വീകരിച്ച നടപടി എന്താണെന്നും വിശദമാക്കാമോ? | (സി) | കെ.എഎസ് ഉദ്യോഗസ്ഥർക്ക് ജൂനിയർ ഐ.എ.എസ് ഉദ്യോഗസ്ഥരേക്കാൾ ഉയർന്ന ശമ്പളം അനുവദിച്ച അനോമലി പരിഹരിക്കണം എന്നാവശ്യപ്പെട്ടു കൊണ്ട് ഐ.എ.എസ്, ഐ.എഫ്.എസ് അസോസിയേഷനുകളുടെ നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. ടി നിവേദനങ്ങളിലെ വിഷയം പരിശോധിച്ച് വരികയാണ്. പ്രസ്തുത വിഷയത്തിൽ ഐ.പി.എസ് അസോസിയേഷന്റെ നിവേദനമൊന്നും ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ